കെസിബിസി മീഡിയ



വത്തിക്കാൻ

# തരംഗം

Vol No.35 No.05 May 2025 Rs.5.00

കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ

# വിശുദ്ധ അന്തോണീസിന്റെ തിരുനാൾ



# അനുഗ്രഹ നവനാൾ നൊവേന

**2025 ജൂൺ 4 മുതൽ 12 വരെ**

2025
ജൂൺ
13
വെള്ളി

## തിരുനാൾ ദിനം

**രാവിലെ 06:15** തിരുനാൾ ദിവ്യബലി, നൊവേന
മുഖ്യകാർമ്മികൻ : **റൈറ്റ് റവ. ഡോ.പീറ്റർ പറപ്പിള്ളി**
(ബിഷപ്പ് എമിരിത്തൂസ്, ഝാൻസി രൂപത)

**വചനപ്രഘോഷണം : റവ. ഫാ. ജോയ്സൺ ചൂതൻപറമ്പിൽ OSJ**

**രാവിലെ 10:45** : തിരുനാൾ ദിവ്യബലി, നൊവേന
മുഖ്യകാർമ്മികൻ : **റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ**
(ഓക്സിലറി ബിഷപ്പ്, വരാപ്പുഴ അതിരൂപത)

**വൈകിട്ട് 04:30** : തിരുനാൾ ദിവ്യബലി, നൊവേന
മുഖ്യകാർമ്മികൻ : **മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
(ആർച്ച് ബിഷപ്പ് എമിരിത്തൂസ്, വരാപ്പുഴ അതിരൂപത)

**വൈകിട്ട് 07:00** : തിരുനാൾ ദിവ്യബലി, നൊവേന (ഇംഗ്ലീഷ്)
മുഖ്യകാർമ്മികൻ : **റവ. ഫാ. ഡഗ്ലസ് പിൻഹീറോ**
(വികാരി, ഇൻഫന്റ് ജീസസ് ചർച്ച്, എറണാകുളം)

വത്തിക്കാൻ തരംഗം
VATHICAN THARANGAM
May - 2025
RN. 55 178/94
പുസ്തകം- 35
Monthly
ലക്കം-05

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- സമാധാനം വീണ്ടെടുക്കാൻ ... 05
- നല്ല ഇടയൻ ഞായറും ... 08
- നുറുങ്ങ് യുദ്ധങ്ങളുടെ ... 10
- യുവജനങ്ങളെ ... 13
- ഓർമ്മത്താളുകളിൽ ... 16
- കെ. സി. ബി. സി. ന്യൂസ് ... 21
- സഭാ ചരിത്ര വീഥി ... 22
- മലബാർ ജനത ... 26
- വാർത്തയും ചിന്തയും ... 30


*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# ലോകത്തിന് ദൈവം നൽകിയ സമ്മാനം

ആഗോള കത്തോലിക്കാ സഭയുടെ ഇരുന്നൂറ്റി അറുപത്തിയേഴാം പരമാധികാരികാരിയായി തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പയുടെ മെയ് 21 ന് നടന്ന ആദ്യ ജനറൽ ഓഡിയൻസിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. ഏതാണ്ട്  നാല് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഇടയിലേക്ക് പാപ്പാമൊബീലിൽ പാപ്പ ഇറങ്ങിവന്നു. ജനങ്ങൾ സന്തോഷത്തോടെ ആർത്തുവിളിച്ചു പാപ്പ ലെയോ. പാപ്പയെ തൊട്ടരികിൽ നിന്ന് കൊണ്ട് കാണാനും അനുഗ്രഹം വാങ്ങിക്കാനും സാധിച്ചു. ലെയോ പതിനാലാമൻ പാപ്പാ തന്റെ ആദ്യ പൊതുസമ്മേളനത്തിൽ വിശ്വാസികളോടൊപ്പം വത്തിക്കാൻ സെന്റ് പീറ്റേഴ്സ്സ്ക്വയറിൽ ചേരുമ്പോൾ, "യേശുക്രിസ്തു – നമ്മുടെ ആശ" എന്ന വിഷയം അടിസ്ഥാനമാക്കി പോപ്പ് ഫ്രാൻസിസ് ആരംഭിച്ച ജൂബിലിവർഷത്തിന്റെ മതബോധന പഠന പരമ്പര അതേ രീതിയിൽ തുടർന്നു. മത്തായി 13:1–17 ലെ വിതക്കാരന്റെ ഉപമയെ ആധാരമാക്കി സംസാരിച്ച പാപ്പാ, യേശുവിന്റെ ഉപമകൾ മനുഷ്യചരിത്രത്തിലെ ദൈവത്തിന്റെ സഹിഷ്ണുതയും മഹത്വവുമാണ് പ്രതിനിധീകരിക്കുന്നതെന്ന് ഊന്നിപ്പറഞ്ഞു. 'മണ്ണ്കഠിനമായിടത്തിലും,  യേശു ധാരാളമായി വിതയ്ക്കുന്നു, " പാപ്പാ പറഞ്ഞു. "സുവിശേഷം പ്രസംഗിക്കുന്നതിൽ നമ്മൾ നിരാശരാകരുതെന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു." പല ഭാഷകളിലായി വിവർത്തനം ചെയ്ത ഈ മതബോധനം, ലോകമെമ്പാടുമുള്ള  തീർത്ഥാടകർക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കപ്പെട്ടു. പാപ്പായുടെ ആഹ്വാനം വലിയ നിശ്ശബ്ദതയും, തുടർന്ന് നിറഞ്ഞ  കൈയടികളും ജനത്തിലുണ്ടാക്കി  ലോകമെമ്പാടും സമാധാനത്തിനായി ഉള്ള ആഗ്രഹത്തെ അത് പ്രതിഫലിപ്പിച്ചു. ചുരുങ്ങിയ ദിവസം കൊണ്ട് ഈ കാലഘട്ടത്തിൽ ലോകത്തിന് ദൈവം നൽകിയ സമ്മാനമാണ് പാപ്പായെന്ന് തെളിയിക്കപ്പെട്ടു.സമാധാനവും സുസ്ഥിരതയും സുരക്ഷിതത്ത്വവും നഷ്ടപ്പെട്ട ഇന്നത്തെ ലോകസാഹചര്യങ്ങളിൽ മതദേശഭേദമെന്യേ ലോകം പരിശുദ്ധ പിതാവിനെ ഉറ്റുനോക്കുന്നു. സഭയുടെ പ്രബോധനങ്ങളുടെയും ഉറച്ച നിലപാടുകളുടെയും സ്വാധീനം വഴി പരിശുദ്ധ പിതാവിലൂടെ ലോകസമാധാനത്തിനും  രാജ്യങ്ങൾ തമ്മിലുള്ള ഐക്യത്തിനും  വഴിതെളിക്കട്ടെ എന്നു പ്രാർത്ഥിക്കാം, ആശംസിക്കാം. ❍



**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ



# സമാധാനം വീണ്ടെടുക്കാൻ തിരുസഭ പാതയൊരുക്കും: ജനതകളുടെ മനം കവർന്ന്

# ലെയോ പതിനാലാമൻ പാപ്പാ

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** ലോകസമാധാനം പുനഃസ്ഥാപിക്കുന്നതിനായുള്ള മധ്യസ്ഥതാ ദൗത്യങ്ങളേറ്റെടുക്കാൻ കത്തോലിക്കാ സഭയെ സജ്ജമാക്കുമെന്നു വ്യക്തമാക്കി പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പീഡനങ്ങളിലൂടെയും സഹനങ്ങളിലൂടെയും കടന്നുപോകുന്ന ജനതകളെ ചേർത്തുപിടിച്ചും സമാധാനത്തിന് ആഹ്വാനം ചെയ്തുമുള്ള വചന ധാരകളാൽ സമ്പുഷ്ടമായിരുന്നു ലിയോ പതിനാലാമൻ പാപ്പായുടെ ആദ്യ സന്ദേശങ്ങൾ. പൗരസ്ത്യ കത്തോലിക്കാ സഭാംഗങ്ങളുമായി മെയ് 14 ന വത്തിക്കാനിൽ നടത്തിയ കൂടിക്കാഴ്ചാവേളയിൽ ലോകമെങ്ങും സമാധാനം വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്കും, ക്രൈസ്തവർക്ക് തങ്ങളുടെ അവകാശങ്ങൾ ലഭിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കും ലിയോ പതിനാലാമൻ പാപ്പാ വിരൽ ചൂണ്ടി.'ഇരകളെ സൃഷ്ടിക്കുകയും അക്രമം വിതയ്ക്കുകയും ചെയ്യുന്നവരല്ല, സമാധാനം വിതയ്ക്കുന്നവരാണ് ചരിത്രത്താളുകളിൽ ഇടം പിടിക്കുക. അനുരഞ്ജനവും, ക്ഷമയും അകന്നുപോകരുത്. ഇന്നലെകളുടെ താളുകൾ മറിച്ച് പുതുതായി തുടങ്ങാനുള്ള ധൈര്യം നൽകുന്ന യഥാർത്ഥ സമാധാനത്തിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.' താൻ ഇതിനായി ശ്രമിക്കുമെന്ന് പാപ്പാ വാഗ്ദാനം



ചെയ്തു. ജനതകൾക്ക് പ്രത്യാശയും അന്തസ്സും തിരികെ നൽകുന്നതിനായി വിവിധ ശത്രുരാജ്യങ്ങൾക്കിടയിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നതിന് പരിശുദ്ധസിംഹാസനത്തിന്റെ സന്നദ്ധത പാപ്പാ അറിയിച്ചു.

<u>**കൊല്ലപ്പെടുന്നത് മനുഷ്യരാണ് .....**</u>

രക്തസാക്ഷിത്വത്തിന്റേതായ അനുഭവത്തിലൂടെയാണ് പല പൗരസ്ത്യസഭകളും കടന്നുപോകുന്നതെന്ന് ലിയോ പതിനാലാമൻ പാപ്പാ പ്രസ്താവിച്ചു. ഫ്രാൻസിസ് പാപ്പായുടെ പ്രഭാഷണങ്ങളെ അധികരിച്ചും, വിശുദ്ധ നാട്, ഉക്രൈൻ, ലെബനോൻ, സിറിയ, മദ്ധ്യപൂർവ്വദേശങ്ങൾ, തിഗ്രേ, കൗക്കസോ തുടങ്ങിയ ഇടങ്ങളെ പരാമർശിച്ചുമാണ് പാപ്പാ ഈ വിഷയം ചർച്ച ചെയ്തത്. 'നിങ്ങൾക്ക് സമാധാനമെന്ന് ആശംസിക്കുന്ന' ക്രിസ്തുവിന്റെ പേരിൽ സമാധാനാഹ്വാനം നടത്തു'. ക്രിസ്തു ആശംസിക്കുന്ന സമാധാനമെന്നത് യുദ്ധത്തിന് ശേഷമുള്ള നിശ്ശബ്ദതയല്ലെന്നും, വ്യക്തികളിലേക്ക് നോക്കുകയും അവരെ സജീവരാക്കുകയും ചെയ്യുന്ന കൃപയാണതെന്നും പാപ്പാ ഓർമ്മിപ്പിച്ചു.പട്ടാളത്തിന്റെ വിജയമെന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്ന പല സംഭവങ്ങളിലും കൊല്ലപ്പെടുന്നത് മനുഷ്യരാണെന്നത് നമുക്ക് മറക്കാതിരിക്കാം. യുദ്ധം ഒരിക്കലും ഒഴിവാക്കാനാകാത്തതാണെന്ന ചിന്തയ്ക്കെതിരെ സംസാരിച്ച പാപ്പാ, പരസ്പരം കൂടിക്കാഴ്ചകളും സംവാദങ്ങളും ചർച്ചകളും നടത്താൻ ജനതകളുടെമേൽ ഉത്തരവാദിത്വമുള്ള നേതാക്കളോട് ആവശ്യപ്പെട്ടു. ആയുധങ്ങൾ നിശബ്ദമാകണം. അവയൊരിക്കലും പ്രശ്നപരിഹാരത്തിനല്ല, പ്രശ്നങ്ങൾ വർദ്ധിക്കാൻ മാത്രമേ കാരണമാകൂ എന്നും പാപ്പാ ഓർമ്മിപ്പിച്ചു. നല്ലവരും ചീത്തയാളുകളുമെന്ന രീതിയിൽ ലോകത്തെ വിഭജിക്കുന്ന പ്രവണതയ്ക്കെതിരെയും പാപ്പാ സംസാരിച്ചു.സമാധാനത്തിനായി പ്രാർത്ഥിക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ച് മദ്ധ്യപൂർവ്വദേശങ്ങളിലുള്ള ക്രൈസ്തവർക്ക് നന്ദി പറഞ്ഞു. ക്രൈസ്തവർക്ക് തങ്ങളുടെ സ്വന്തം നാട്ടിൽ സുരക്ഷിതമായി താമസിക്കുന്നതിനുള്ള എല്ലാ അവകാശങ്ങളും ലഭിക്കണം.

<u>**മാദ്ധ്യമങ്ങൾക്ക് നന്ദി**</u>

ഫ്രാൻസിസ് മാർപ്പാപ്പായുടെ വേർപാടും അന്ത്യയാത്രയും പുതിയ പാപ്പായുടെ തെരഞ്ഞെടുപ്പും ഉൾപ്പെട്ട ചരിത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനു വന്ന മാദ്ധ്യമപ്രവർ




ത്തകരുമായി, രണ്ടു ദിനം മുമ്പ് പോൾ ആറാമൻ ശാലയിൽ ലിയോ പതിനാലാമൻ പാപ്പാ നടത്തിയ കൂടിക്കാഴ്ചാ വേളയിലും ലോക സമാധാനം മുഖ്യ ചർച്ചാ വിഷയമായി. ആയിരക്കണക്കിന് മാധ്യമപ്രവർത്തകരാണ് ഈ ദിവസങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റോമിലെത്തിച്ചേർന്നത്. മാധ്യമപ്രവർത്തകരെന്ന നിലയിൽ അവർ ചെയ്തതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ സേവനങ്ങൾക്കു പാപ്പാ പ്രത്യേകം നന്ദി പറഞ്ഞു. മലയിലെ പ്രസംഗത്തിൽ, യേശു പറഞ്ഞ, ' സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന വചനത്തെ അടിസ്ഥാനമാക്കി മാധ്യമപ്രവർത്തനത്തിനു പുതിയ ഒരു മാതൃക പാപ്പാ നിർദേശിച്ചു. ആക്രമണാത്മക വാക്കുകൾ അകറ്റി മാത്സര്യം ഒഴിവാക്കിക്കൊണ്ട് , താഴ്മയോടെയും സ്നേഹത്തോടെയും സത്യത്തിനായുള്ള അന്വേഷണത്തെ പ്രോത്സാഹിപ്പിക്കണമെന്നു പാപ്പാ പറഞ്ഞു. മറ്റുള്ളവരെ കാണുന്ന രീതിയിലും മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിലും മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നതിലും , സമാധാനത്തിന്റെ സംവാഹകരായി മാധ്യമപ്രവർത്തകർ മാറണം. ഇപ്രകാരം യുദ്ധത്തിന്റെ മാതൃകകളോട് തങ്ങളുടെ എതിർപ്പ് പ്രകടിപ്പിക്കണം. തങ്ങളുടെ ജീവൻ പണയപ്പെടുത്തിക്കൊണ്ടും, യുദ്ധത്തെക്കുറിച്ചുള്ള വിവരങ്ങൾ മനുഷ്യരിലേക്കെത്തിക്കുന്നവരെ പരാമർശിക്കവേ, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും പത്രസ്വാതന്ത്ര്യത്തിന്റെയും വിലയേറിയ നന്മ സംരക്ഷിക്കാൻ പാപ്പാ ആഹ്വാനം ചെയ്തു.

**മറ്റുള്ളവരെ ശ്രവിക്കണം**

സഭയെക്കുറിച്ചും അതിന്റെ വൈവിധ്യത്തെക്കുറിച്ചും അതേ സമയം സഭയുടെ ഐക്യത്തെക്കുറിച്ചും സംസാരിക്കാൻ റോമിൽ എത്തിച്ചേർന്ന എല്ലാവർക്കും പാപ്പാ നന്ദിയർപ്പിച്ചു. ഈ ദിവസങ്ങളിൽ നടന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സൗന്ദര്യം വിവരിക്കുന്നതിൽ തനിക്കുള്ള സന്തോഷവും പാപ്പാ പ്രകടിപ്പിച്ചു. സഭ കാലത്തിന്റെ വെല്ലുവിളി സ്വീകരിക്കണം. സമയത്തിനും ചരിത്രത്തിനും പുറത്ത് ആശയ വിനിമയവും പത്രപ്രവർത്തനവും സാധ്യമല്ല. പ്രത്യയശാസ്ത്രപരമോ പക്ഷപാതപരമോ ആയ ഭാഷകളുടെ ആശയക്കുഴപ്പങ്ങൾ ഉരുവാക്കുന്ന സ്നേഹരഹിതമായ 'ബാബേൽ ഗോപുരത്തിന്റെ' ആശയവിനിമയ മാതൃക ഇന്നത്തെ പ്രധാന വെല്ലുവിളിയാണെന്നു പാപ്പാ പറഞ്ഞു. ആശയവിനിമയം, വാസ്തവത്തിൽ വിവരങ്ങളുടെ കൈമാറ്റം മാത്രമല്ല സംഭാഷണത്തിനും താരതമ്യത്തിനുമുള്ള ഇടങ്ങളായി മാറുന്ന ഒരു സംസ്കാരത്തിന്റെ, മാനവിക , ഡിജിറ്റൽ പരിതഃസ്ഥിതികളുടെ സൃഷ്ടിയാണെന്ന് പാപ്പാ പറഞ്ഞു. നിർമ്മിത ബുദ്ധി ഇന്നത്തെ ലോകത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പരാമർശിച്ചു. ആക്രമണത്തിൽ നിന്ന് ശുദ്ധീകരിച്ചുകൊണ്ട്, മറ്റുള്ളവരെ ശ്രവിക്കുന്ന ആശയവിനിമയ മാർഗമാണ് നമുക്കാവശ്യം. അപ്രകാരം, ദുർബലരുടെ ശബ്ദമായി മാറുവാൻ നമുക്ക് സാധിക്കണം. കാര്യങ്ങളെ കുറിച്ചുള്ള അവബോധത്തോടെയും ധൈര്യത്തോടെയും സമാധാന ആശയവിനിമയത്തിന്റെ പാത തിരഞ്ഞെടുക്കാൻ മനസിരുത്തുകയെന്നതും നിർണ്ണായകമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ❍



# നല്ല ഇടയന്റെ ഞായറും ദൈവവിളികൾക്കായുള്ള പ്രാർത്ഥനാദിനവും

SPECIAL REPORT

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



ലിയോ പതിനാലാമൻ എന്ന നാമം സ്വീകരിച്ച പുതിയ പാപ്പാ പത്രോസിന്റെ പിൻഗാമിയുടേതായ ശുശ്രൂഷാ ദൗത്യങ്ങൾ ആരംഭിച്ചു. നല്ല ഇടയന്റെ ഞായറും ദൈവവിളികൾക്കായുള്ള പ്രാർത്ഥനാദിനവും ആചരിച്ച 11 ന് ലിയോ പതിനാലാമൻ പാപ്പാ ആദ്യമായി വത്തിക്കാനിൽ മദ്ധ്യാഹ്ന പ്രാർത്ഥന നയിച്ചു.

തന്നെ കാണാനും ശ്രവിക്കാനും ആശീർവ്വാദം സ്വീകരിക്കാനുമായി ചത്വരത്തിൽ കാത്തുനിന്നിരുന്ന വിവിധരാജ്യക്കാരായിരുന്ന തീർത്ഥാടകരും സന്ദർശകരും ജൂബിലി ആചരിക്കുന്ന സംഗീതവാദ്യമേളക്കാരും ജനപ്രിയ കലാ കാരന്മാരുമടങ്ങുന്ന ഒരു ലക്ഷത്തോളം പേരെ പാപ്പാ കൈകൾ ഉയർത്തിവീശി അഭിവാദ്യം ചെയ്തു. ജനസഞ്ചയത്തിന്റെ ആനന്ദാരവങ്ങൾ ചത്വരത്തിൽ അലതല്ലി. തദനന്തരം, പാപ്പാ, ഉയിർപ്പുകാലത്തിൽ മദ്ധ്യാഹ്നത്തിൽ ചൊല്ലുന്ന "സ്വർല്ലോക രാജ്ഞീ ആനന്ദിച്ചാലും" എന്ന മരിയൻ പ്രാർത്ഥന നയിക്കുന്നതിനു മുമ്പ് ഒരു ഹ്രസ്വ വിചിന്തനം നടത്തി. ലത്തീൻ റീത്തിന്റെ ആരാധനാക്രമ പ്രകാരം ആടുകളെയും ആടുകളെ അറിയുന്ന ഇടയനെയും കുറിച്ച് യേശു വിവരിക്കുന്നതും ഇടയനായ തന്നിൽ നിന്ന് ആരും ആടുകളെ പിടിച്ചുകൊണ്ടുപോകില്ലെന്നും താനും പിതാവും ഒന്നാണെന്നും വ്യക്തമാക്കുന്നതുമായ സുവിശേഷഭാഗം

'റോമിന്റെ മെത്രാൻ എന്ന നിലയിലുള്ള എന്റെ ശുശ്രൂഷയുടെ ആദ്യത്തെ ഞായറാഴ്ച, നല്ല ഇടയന്റെ ഞായർ ആയിരിക്കുന്നതിനാൽ അത് ഞാൻ ദൈവത്തിന്റെ ഒരു സമ്മാനമായി കരുതുന്നു. ഇത് ഉയിർപ്പുകാലത്തിലെ നാലാം ഞായറാണ്. ഈ ഞായറാഴ്ച, യോഹന്നാന്റെ സുവിശേഷം, പത്താം അദ്ധ്യായം

ആണ് എപ്പോഴും കുർബ്ബാനയിൽ പ്രഘോഷിക്കപ്പെടുന്നത്, അതിൽ യേശു, തന്റെ ആടുകളെ അറിയുകയും സ്നേഹിക്കുകയും അവയ്ക്കുവേണ്ടി സ്വന്തം ജീവൻ നൽകുകയും ചെയ്യുന്ന യഥാർത്ഥ ഇടയനായി സ്വയം ആവിഷ്കരിക്കുന്നു.' –പാപ്പാ പറഞ്ഞു.

'അറുപത്തിരണ്ട് വർഷമായി, ഈ ഞായറാഴ്ച, നാം ദൈവവിളികൾക്കായുള്ള ലോക പ്രാർത്ഥനാ ദിനം ആഘോഷിച്ചുവരികയാണ്. അതിനുപുറമെ, ഇന്ന് റോം സംഗീതവാദ്യമേളസംഘങ്ങളുടെയും ജനപ്രിയ കലാരൂപങ്ങളുടെയും ജൂബിലി ആഘോഷത്തിന് ആതിഥ്യമരുളുന്നു. ഈ തീർത്ഥാടകരെയെല്ലാം ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. അവർ അവരുടെ സംഗീതത്തിലൂടെയും കലാപ്രകടനങ്ങളിലൂടെയും ഈ ആഘോഷത്തെ, നല്ല ഇടയനായ ക്രിസ്തുവിന്റെ തിരുന്നാളാഘോഷത്തെ, ആഹ്ലാദകരമാക്കിത്തീർക്കുന്നതിനാൽ ഞാൻ അവരോട് നന്ദി പറയുന്നു: അതെ, അവിടന്നാണ്, സഭയെ തന്റെ പരിശുദ്ധാത്മാവിലൂടെ നയിക്കുന്നത്.

## <u>ദൈവവിളി വളരണം</u>

തന്റെ ആടുകളെ അറിയുന്നുവെന്നും അവ തന്റെ ശബ്ദം കേട്ട് തന്നെ അനുഗമിക്കുമെന്നും യേശു സുവിശേഷത്തിൽ പറയുന്നു. വാസ്തവത്തിൽ, മഹാനായ വിശുദ്ധ ഗ്രിഗറി പാപ്പാ പഠിപ്പിക്കുന്നതുപോലെ, ആളുകൾ 'തങ്ങളെ സ്നേഹിക്കുന്നവരുടെ സ്നേഹത്തോട് പ്രത്യുത്തരിക്കുന്നു'. ഇന്ന് നിങ്ങളോടും എല്ലാ ദൈവജനത്തോടും ചേർന്ന്, ദൈവവിളികൾക്കായി, പ്രത്യേകിച്ച് പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള ദൈവവിളികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സഭയ്ക്ക് അത് വളരെയധികം ആവശ്യമായിരിക്കുന്നു! നമ്മുടെ സമൂഹങ്ങളിൽ യുവതീയുവാക്കൾ അവരുടെ ദൈവവിളിയാത്രയിൽ സ്വാഗതം ചെയ്യപ്പെടുകയും, ശ്രവിക്കപ്പെടുകയും, പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യേണ്ടതും ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടിയുള്ള ഉദാരമായ സമർപ്പണത്തിന്റെ വിശ്വാസയോഗ്യമായ മാതൃകകളിൽ അവർക്ക് ആശ്രയിക്കാൻ കഴിയേണ്ടതും പ്രധാനമാണ്. ദൈവവിളി പ്രാർത്ഥനാദിനത്തിനുള്ള തന്റെ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ നമുക്കായി നൽകിയ ക്ഷണം നമുക്ക് സ്വന്തമാക്കാം: യുവാക്കളെ സ്വാഗതം ചെയ്യാനും തുണയ്ക്കാനുമുള്ള ക്ഷണം. ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി ആയിരിക്കുന്നതിനും അവനവന്റെ അവസ്ഥയ്ക്കനുസൃതം, 'സ്വർഗ്ഗീയ പിതാവിന്റെ ഹൃദയത്തിനു യോജിച്ച' (ജെറമിയ 3:15) ഇടയന്മാരായി, സ്നേഹത്തിലും സത്യത്തിലും ചരിക്കാൻ പരസ്പരം സഹായിക്കാൻ പ്രാപ്തരായിരിക്കുന്നതിനും വേണ്ടി അവിടത്തോട് നമുക്ക് പ്രാർത്ഥിക്കാം. യുവജനമേ, നിങ്ങളോടു ഞാൻ പറയുന്നു: "ഭയപ്പെടേണ്ട! സഭയുടെയും ക്രിസ്തുവിന്റെയും ക്ഷണം സ്വീകരിക്കുക!" ജീവിതം മുഴുവൻ കർത്താവിന്റെ വിളിക്കുള്ള പ്രത്യുത്തരമാക്കിയ കന്യകാമറിയം, യേശുവിനെ അനുഗമിക്കുന്നതിൽ എപ്പോഴും നമുക്ക് തുണയായിരിക്കട്ടെ.' ❍



# നുറുങ്ങ് യുദ്ധങ്ങളുടെ ഉണങ്ങാത്ത മുറിവുകൾ

SPECIAL REPORT


**ഡോ. എഡ്വേർഡ് എടേഴത്ത്**
യു എസ് എ




6 കോടി ജനങ്ങളുടെ ജീവനപഹരിച്ച ശേഷം, 80 വർഷം മുമ്പ്, മെയ് 8 ന് അവസാനിച്ച രണ്ടാം ലോക മഹായുദ്ധ വൻദുരന്തത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ലെയോ പാപ്പാ മൂന്നാം ലോകയുദ്ധം, ഫ്രാൻസിസ് പാപ്പാ പലവുരു പറഞ്ഞിട്ടുള്ളതുപോലെ, നുറുങ്ങുകളായി അരങ്ങേറിക്കൊണ്ടിക്കുന്ന ഇന്നത്തെ നാടകീയാവസ്ഥ അനുസ്മരിക്കുകയും 'ഇനി ഒരിക്കലും യുദ്ധം ഉണ്ടാകരുത്' എന്ന അഭ്യർത്ഥന ലോക നേതാക്കളോട് ആവർത്തിക്കുകയും ചെയ്തു.ഉക്രെയിനിലെ ജനങ്ങളെ അനുസ്മരിച്ച പാപ്പാ താൻ അവരുടെ കഷ്ടപ്പാടുകൾ ഹൃദയത്തിൽ പേറുന്നുവെന്ന് പറഞ്ഞു. യഥാർത്ഥവും നീതിയുക്തവും ശാശ്വതവുമായ ഒരു സമാധാനം എത്രയും വേഗം കൈവരിക്കാൻ സാധ്യമായതെല്ലാം ചെയ്യണമെന്നും എല്ലാ തടവുകാരും മോചിപ്പിക്കപ്പെടണമെന്നും കുഞ്ഞുങ്ങൾക്ക് സ്വന്തം കുടുംബങ്ങളിൽ തിരിച്ചെത്താൻ കഴിയണമെന്നും പാപ്പാ കൂട്ടിച്ചേർത്തു.

## നോവായ് ഉക്രെയിൻ

ഉക്രെയിൻ സന്ദർശിക്കാൻ പ്രസിഡന്റ് വ്ളോദിമിർ സെലെൻസ്കി ലെയൊ പതിനാലാമൻ പാപ്പായെ ക്ഷണിച്ചു. സാമൂഹ്യമാദ്ധ്യമമായ "എക്സ്"ലൂടെ സെലെൻസ്കി തന്നെയാണ് താനും പാപ്പായുമായി ടെലഫോൺ സംഭാഷണം നടത്തിയെന്നും പാപ്പായെ ക്ഷണിച്ചുവെന്നുമുള്ള വിവരം വെളിപ്പെടുത്തിയത്. ടെലഫോൺ

സംഭാഷണം നടന്നതായി പരിശുദ്ധസിംഹാസനത്തിന്റെ വാർത്താവിതരണ കാര്യാലയ മേധാവി മത്തേയൊ ബ്രൂണി സ്ഥിരീകരിച്ചു.പാപ്പാ ഉക്രെയിൻ സന്ദർശിക്കുകയാണെങ്കിൽ അത് സകല വിശ്വാസികൾക്കും ഉക്രെയിൻ ജനതയ്ക്കാകമാനവും യഥാർത്ഥ പ്രത്യാശ പകരുമെന്നും അദ്ദേഹം കുറിച്ചു.

ഉക്രെയിനിൽ നീതിപൂർവ്വകവും സ്ഥായിയുമായ സമാധാനം ഉണ്ടാകുന്നതിനും തടവുകാർ മോചിപ്പിക്കപ്പെടുന്നതിനും വേണ്ടി ലിയൊ പതിനാലാമൻ പാപ്പാ ഞായറാഴ്ചത്തെ മദ്ധ്യാഹ്നപ്രാർത്ഥനാ വേളയിൽ നടത്തിയ അഭ്യർത്ഥനയ്ക്ക് പ്രസിഡന്റ് നന്ദി പ്രകാശിപ്പിച്ചു. റഷ്യ ഉക്രെയിനിൽ നിന്നു പുറത്താക്കിയ ഉക്രെയിൻകാരയ ആയിരക്കണക്കിനു കുഞ്ഞുങ്ങളുടെ കാര്യവും താൻ പാപ്പായുമായി സംസാരിച്ചുവെന്നും അവരെ തിരികെ കൊണ്ടുവരുന്നതിന് വത്തിക്കാന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടെന്നും സെലെൻസ്കി കുറിച്ചു. ഏതു തരത്തിലുമുള്ള ക്കൂട്ടതലായ ചർച്ചകൾക്കും ഉക്രെയിൻ സന്നദ്ധമാണെന്ന് താൻ ആവർത്തിച്ചു വെളിപ്പെടുത്തി.

## മരണപ്പെട്ടവരുടെ പ്രാർത്ഥന

ഉക്രെയിൻ ഗ്രീക്ക് കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ് സ്വിയാറ്റോസ്ളാവ് ഷെവ്ച്ക്ക് ലെയോ പതിനാലാമൻ പാപ്പായെ വത്തിക്കാനിൽ സന്ദർശിച്ചു. പോരാട്ടത്തിൽ മരിച്ച ഒരു സൈനികന്റെ പിതാവ്, ബോഹ്ദാൻ പൈലിപിവ് വരച്ച, ഉക്രൈൻ ജനതയുടെ ദുഃഖപൂർണ്ണമായ ജീവിതം ചിത്രീകരിക്കുന്ന 'മരണപ്പെട്ടവരുടെ പ്രാർത്ഥന' എന്ന ഛായാചിത്രം പാപ്പായ്ക്ക് സമ്മാനിക്കുകയും ചെയ്തു

നേരത്തെ, പരിശുദ്ധ സിംഹാസനത്തിലേക്കുള്ള വിവിധ രാജ്യങ്ങളിലെ നയതന്ത്രപ്രതിനിധികൾക്ക്, ലിയോ പതിനാലാമൻ പാപ്പാ അനുവദിച്ച സ്വകാര്യസദസിൽ, പ്രതിനിധിസംഘത്തിന്റെ ഡീൻ ജോർജ് പുലിദെസ്, പാപ്പായ്ക്ക് ആശംസകൾ നേർന്നു സംസാരിച്ചു. ഇന്നത്തെ കാലഘട്ടത്തിന്റെ വെല്ലുവിളികളായ, പട്ടിണി, നീതിക്കായുള്ള അന്വേഷണം, മനുഷ്യാന്തസ്, സ്നേഹത്തിനായുള്ള സമസ്യകൾ, അസ്തിത്വത്തെ സംബന്ധിച്ച കാര്യങ്ങൾ എന്നിവയെ തന്റെ അജപാലനശുശ്രൂഷ മേഖലയിൽ അനുഭവിച്ചറിഞ്ഞ ഒരു ആത്മീയ പിതാവിനെയാണ് കോൺക്ലേവ് സമ്മാനിച്ചതെന്ന് അദ്ദേഹം ആമുഖമായി പറഞ്ഞു.

പാപ്പാ താൻ തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം, വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന അവസരത്തിൽ പറഞ്ഞ, 'നിങ്ങൾക്ക് സമാധാനം' എന്നുള്ള സംബോധന ലോകത്തിന്റെ എല്ലാ കോണുകളെയും പാപ്പായുടെ സ്നേഹോഷ്മളമായ ആലിംഗനത്തിൽ ഉൾച്ചേർക്കുന്നതായിരുന്നുവെന്നും, നിരവധി ആളുകൾക്ക് അത് പ്രതീക്ഷ നൽകുന്നതായി മാറിയെന്നും ജോർജ് പുലിദെസ് പറഞ്ഞു. ജൂബിലി വർഷത്തിൽ ആരംഭിച്ച പാപ്പായുടെ ശുശ്രൂഷ, സമാധാനം, സ്നേഹം, സാഹോദര്യം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയ പ്രത്യാശ എല്ലാവർക്കും പകരട്ടെയെന്നും അദ്ദേഹം ആശംസിച്ചു. സമാധാന സംസ്ഥാപകരാകുവാനുള്ള ആഹ്വാനത്തിനു നയതന്ത്രകുടുംബത്തിന്റെ പിന്തുണയും, പ്രാർത്ഥനയും അറിയിച്ചു. സഭയുടെ സഹസ്രാബ്ദ അനുഭവം, വിലമതിക്കാനാവാത്ത നിധിയായി നമ്മുടെ രക്ഷയ്ക്ക് കാരണമാകുന്നുവെന്നും ഇത് ആധുനികതയുടെ വെല്ലുവിളികളെ നേരിട്ടുകൊണ്ട്, പരസ്പരം പാലങ്ങൾ പണിയുന്നതിനായി ഏവരെയും സഹായിക്കട്ടെ

# പാപ്പയ്ക്കൊപ്പം തട്ടിൽ പിതാവും ക്ലീമിസ് ബാവയും



യെന്നും അദ്ദേഹം കൂട്ടി ച്ചേർത്തു.

## അമൂല്യ പാരമ്പര്യം

പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങൾ നശി പ്പിക്കപ്പെടാതെ സംര ക്ഷിക്കേണ്ടത് അത്യന്താ പേക്ഷിതമാണെന്ന് പൗരസ്ത്യ സഭകൾക്കായു ള്ള ജൂബിലി വർഷത്തിലെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്ത് ലെയോ പതിനാലാമൻ പാപ്പ പറഞ്ഞു. മാർപാ പ്പയായ ഉടനെ തന്നെ പൗരസ്ത്യസഭാ പ്രതിനി ധികൾക്ക് ഒപ്പം സമയം ചിലവഴിക്കാനായതിന്റെ സന്തോഷം പാപ്പ പ്രകടി പ്പിച്ചു.

'ദൈവത്തിന്റെ കണ്ണിൽ നിങ്ങൾ മൂല്യമേറിയവരാ ണ്. വിദേശ രാജ്യങ്ങളി ലുള്ള കിഴക്കൻ സഭകളിലെ കത്തോലിക്കരുടെ പൈതൃകം സംരക്ഷിക്കാനുള്ള മാർഗരേഖകളും നിബന്ധനകളും രൂപപ്പെടുത്തണം. അവരുടെ അജപാലന ആവശ്യങ്ങൾ കിഴക്കൻ സഭകളുടെ ആരാധനാക്രമത്തിനും പാരമ്പര്യത്തി നും അനുസരിച്ച് സംരക്ഷിക്കപ്പെടണം. അതിനായി ലത്തീൻ മെത്രാന്മാർക്ക് നിർദേശം നൽകണം'– ലിയോ പതിനാലാമൻ പാപ്പ നിർദേശിച്ചു.ഐക്യത്തിന് വിരുദ്ധമായ എല്ലാ പ്രവണതകളിൽ നിന്നും അകന്ന് ഏകാഗ്രതയോടെ സത്യ വിശ്വാസത്തിൽ നിലനിൽക്കുവാനും സുവിശേഷ സാക്ഷ്യത്തിൽ നിലകൊള്ളു വാനുമുള്ള ആഹ്വാനവുമായാണ് പാപ്പ സന്ദേശം അവസാനിപ്പിച്ചത്. സിബിസിഐ പ്രസിഡണ്ട് മാർ ആൻഡ്രൂസ് താഴത്ത് പാപ്പയെ പൊന്നാട അണിയിച്ചു. സിറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്, സിറോ മലങ്കര സഭ മേജർ ആർച്ച്ബി ഷപ്പ് കർദിനാൾ ബസേലിയോസ് മാർ ക്ലിമിസ് കാതോലിക്കാ ബാവ, സിറോ മലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവരും ഈ പ്രത്യേക സമ്മേളനത്തിൽ പങ്കെടുത്തു.❍



# യുവജനങ്ങളെ ദൈവവിളി യാത്രയിൽ പ്രോത്സാഹിപ്പിക്കുക: ലെയോ പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



വിശുദ്ധ പത്രോസിന്റെ 266-മത്തെ പിൻഗാമിയായി 2025 മെയ് എട്ടിന് തെരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ പാപ്പ കത്തോലിക്കാസഭ നല്ല ഇടയന്റെ ഞായറാഴ്ചയും ദൈവവിളികൾക്കായുള്ള പ്രാർത്ഥനാ ദിനവും ആചരിച്ച 2025 മെയ് 11ന് ആദ്യമായി വത്തിക്കാനിൽ വി.പത്രോസിന്റ ബസിലിക്കയുടെ ചത്വരത്തിൽ ഒന്നിച്ചു കൂടിയ ദൈവമക്കൾക്കായി മദ്ധ്യാഹ്ന പ്രാർത്ഥന നയിച്ച് സന്ദേശം നൽകി.

വത്തിക്കാനിലെ പേപ്പൽ ഭവന സമുച്ചയത്തിന്റെ ഏറ്റവും മുകളിലത്തെ നിലയിലെ ജാലകത്തിങ്കൽ നിന്നാണ് സാധാരണയായി പാപ്പമാർ ഞായറാഴ്ചത്തെ മദ്ധ്യാഹ്ന പ്രാർത്ഥന നയിക്കുക. എന്നാൽ ലിയോ പതിനാലാമൻ പാപ്പ തന്റെ പ്രഥമ ത്രികാല സന്ധ്യാ ജപ സന്ദേശം നൽകിയതും പ്രാർത്ഥന നയിച്ചതും ആശിർവാദം നൽകിയതും വി. പത്രോസിന്റെ ബസിലിക്കയുടെ മധ്യമട്ടുപ്പാവിൽ (ബാൽക്കണി) നിന്നാണ്. റോമാ നഗരത്തിനും ലോകത്തിനും എന്നർത്ഥം വരുന്ന ഊർബി എത്ത് ഓർബി (Urbi et orbi) ആശീർവാദവും സന്ദേശവും പാപ്പാ നൽകുന്ന ഈ വേദി ആശീർവാദങ്ങളുടെ മട്ടുപ്പാവ് എന്നാണ് അറിയപ്പെടുന്നത്.

2025 മെയ് പതിനൊന്നാം തീയതി ലത്തീൻ ആരാധനക്രമത്തിൽ വായിക്കുന്ന യോഹന്നാന്റെ സുവിശേഷം പത്താം അധ്യായം 27 മുതൽ 30 വരെയുള്ള വചനങ്ങളാണ്ലെയോ

പാപ്പാ തന്റെ വിചിന്തനത്തിനായി തെരഞ്ഞെടുത്തത്. യേശു ഇടയൻ ആണെന്നും ഇടയന്റെ സ്വരം ആളുകൾ തിരിച്ചറിയണമെന്നും ഇടയനിൽ നിന്നും ആളുകളെ ആരും പിടിച്ചു കൊണ്ടു പോകില്ലെന്നും യേശുവും പിതാവും ഒന്നായിരിക്കുന്നതുപോലെ ആട്ടുകളും ഇടയനും ഒന്നായിരിക്കണം എന്നും ലെയോ പപ്പാ പഠിപ്പിച്ചു. ആടുകൾക്കായി ജീവനേകുന്ന നല്ല ഇടയനാണ് ഈശോ. റോമിന്റെ മെത്രാനും സാർവ്വത്രിക സഭയുടെ തലവനുമായി തന്റെ ശുശ്രൂഷ ആരംഭിക്കുന്ന ആദ്യത്തെ ഞായറാഴ്ച നല്ല ഇടയന്റെ ഞായറാഴ്ചയായി ആചരിക്കുന്നത് വലിയ ഭാഗ്യമായാണ് ലെയോ പാപ്പാ കരുതുന്നത്. ഇത് ദൈവത്തിന്റെ സമ്മാനമാണ് എന്ന് ലിയോ പാപ്പ പറയുന്നു.
ആട്ടുകളെ അറിയുകയും ആട്ടുകൾക്ക് വേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്യുന്ന ഇടയനെപ്പോലെ തന്റെ ഉത്തരവാദിത്വവും വലിയതാണെന്നും അതനുസരിച്ച് പ്രവർത്തിക്കാൻ ദൈവത്തിന്റെ ശക്തി ലഭിക്കാനായി നല്ല ഇടയനായ ഈശോയോട് തനിക്കു വേണ്ടിയും പ്രാർത്ഥിക്കാൻ പാപ്പാ ആഹ്വാനം ചെയ്യുന്നു.

**<u>ദൈവവിളി പ്രാർത്ഥന ദിനം.</u>**

കഴിഞ്ഞ 62 വർഷമായി ഈ ഞായറാഴ്ച ദൈവവിളി പ്രാർത്ഥന ദിനം ആയിട്ടാണ് സാർവ്വത്രിക സഭ ആചരിക്കുന്നത്. നല്ല ഇടയനായ ഈശോയുടെ പാത പിന്തുടരുവാൻ ധാരാളം വൈദികരും സമർപ്പിതരും നല്ല കുടുംബങ്ങളും സഭയിൽ ഇന്ന് ആവശ്യമാണ്.

**<u>സ്നേഹത്തോടുള്ള പ്രതികരണം</u>**

സുവിശേഷത്തിൽ ഈശോ പറയുന്നത് തന്റെ ആടുകൾ തന്നെ അറിയുന്നുവെന്നും തന്റെ ശബ്ദം കേട്ട് അവ തന്നെ അനുഗമിക്കും എന്നുമാണ് (യോഹ.10:27) വാസ്തവത്തിൽ ദൈവവിളി എന്നത് ഈ അനുഗമിക്കൽ പ്രക്രിയയാണ്. മഹാനായ ഗ്രിഗറി പഠിപ്പിക്കുന്നതുപോലെ ആളുകൾ തങ്ങളെ സ്നേഹിക്കുന്നവരോട് സ്നേഹത്തോടെ പ്രത്യുത്തരിക്കുന്നു. തങ്ങളെ സ്നേഹിക്കുന്ന ഈശോക്ക് സ്നേഹത്തോടെ പ്രത്യുത്തരം നൽകുന്നതാണ് യഥാർത്ഥ ദൈവവിളി. പൗരോഹിത്യ ദൈവവിളിയിലും സന്യാസ ദൈവവിളിയിലും കുടുംബ ദൈവവിളിയിലും ഇതാണ് സംഭവിക്കേണ്ടത്. സമർപ്പിത – പൗരോഹിത്യ ദൈവവിളി ധാരാളം ഉണ്ടാകുന്നതിന് വേണ്ടി എല്ലാ ദൈവജനത്തോടും ചേർന്ന് പ്രാർത്ഥിക്കുന്നതിൽ ലെയോ പാപ്പാ സന്തോഷം പ്രകടിപ്പിച്ചു. ഇന്ന് സഭക്ക് ഈ പ്രാർത്ഥനയും ഈ പ്രാർത്ഥനയുടെ ഫലവും ഏറ്റവും ആവശ്യമായ കാലഘട്ടമാണ്. നമ്മുടെ യുവതീ യുവാക്കൾ അവരുടെ ദൈവവിളി യാത്രയിൽ കൂടുതലായി സ്വാഗതം ചെയ്യപ്പെടുകയും ശ്രവിക്കപ്പെടുകയും പ്രോൽസാഹിപ്പിക്കപ്പെടുകയും ചെയ്യേണ്ടത് ഇന്നത്തെ ഏറ്റം വലിയ ആവശ്യമാണ്. ലെയോ പാപ്പാ തുടർന്ന് പറഞ്ഞു യുവജനങ്ങൾക്ക് ദൈവത്തിനും മറ്റു സഹോദരങ്ങൾക്കും വേണ്ടി ഉദാരമായ സമർപ്പണത്തിന് വിശ്വാസയോഗ്യമായ മാതൃകകൾ ധാരാളമായി ഉണ്ടാകണം. ആ മാതൃകകളിൽ ആശ്രയിക്കാൻ യുവജനങ്ങൾക്ക് സാധിക്കണം. ദൈവവിളിയുടെ ആത്മീയ സാമൂഹ്യ പരിവേഷം ഇപ്രകാരം തുറന്നു കാട്ടി കൊണ്ടാണ് പാപ്പാ പ്രബോധിപ്പിച്ചത്.യുവജനങ്ങളോട് ദൈവവിളി സ്വീകരിക്കാൻ ദൈവവിളി പ്രാർത്ഥന ദിനത്തിൽ തന്റെ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ പ്രബോധിപ്പിച്ചത് ലിയോ പാപ്പാ ഓർമിപ്പിച്ചു. നമുക്കായി ഈശോ നൽകുന്ന ക്ഷണം നമുക്ക് സ്വന്തമാക്കാം എന്ന് ലെയോ പാപ്പ പഠിപ്പിച്ചു. യുവാക്കളെ സ്വാഗതം ചെയ്യാനും തുണയ്ക്കാനുമുള്ള ക്ഷണം പാപ്പാ ആവർത്തിച്ചു. ലിയോ പാപ്പാ തുടർന്നു പറഞ്ഞു. ഓരോരുത്തരും മറ്റുള്ളവർക്ക് വേണ്ടി ആയിരിക്കുന്നതിനും അവനവൻറെ അവസ്ഥയ്ക്ക് അനുസൃതം സ്വർഗ്ഗീയ പിതാവിന്റെ ഹൃദയത്തിന് യോജിച്ച (ജെറമിയ:3: 15) ഇടയന്മാരായി സ്നേഹത്തിലും സത്യത്തിലും ചലിക്കാൻ, പരസ്പരം സഹായിക്കാൻ പ്രാപ്തരായിരിക്കുന്നതിനും



അമേരിക്കയിൽ ജനിച്ച് പെറുവിൽ ഏറെക്കാലവും സഭാ ശുശ്രൂഷ നടത്തിയ ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക് കേരളവുമായുള്ള ബന്ധമെന്ത് ? കെ. സി. ബി. സി. മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ .സെബാസ്റ്റ്യൻ മിൽട്ടൺ അഗസ്റ്റീനിയൻ വൈദികരുമായി നടത്തിയ അഭിമുഖം കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.



കെ.സി.ബി.സി. മീഡിയ കമ്മീഷൻ, ആർ.ജെ.എം. ഡെൽഹി പ്രോവിൻസിന്റെ സഹകരണത്തോടെ പ്രസിദ്ധീകരിച്ച ജീസസ് ആന്റ് ലിറ്റിൽ ഗ്ലാഡി എന്ന ബയോപിക് കാർട്ടൂൺ ബുക്ക് കെ.സി.എസ്.എൽ. നേതൃക്യാമ്പിൽവച്ച് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പ്രകാശനം ചെയ്തപ്പോൾ. സിസ്റ്റർ ജോസ്ന ഫെർണാണ്ടസ് ആർ.ജെ.എം. ആണ് ഇംഗ്ലീഷിലുള്ള ഈ ചിത്രകഥയുടെ രചന നിർവഹിച്ചിട്ടുള്ളത്.

വേണ്ടി അവിടുത്തോട് നമുക്ക് പ്രാർത്ഥിക്കാം. ലെയോ പാപ്പാ യുവജനങ്ങളെ പ്രബോധിപ്പിക്കുന്നു: 'യുവജനമേ നിങ്ങളോട് ഞാൻ പറയുന്നു: ഭയപ്പെടേണ്ട' എന്ന സഭയുടെയും ക്രിസ്തുവിന്റെയും ക്ഷണം നിങ്ങൾ സ്വീകരിക്കുക. തുടർന്ന് പാപ്പ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ച് ഇപ്രകാരം പറഞ്ഞു. പിതാവായ ദൈവത്തിന്റെ വിളിക്കുള്ള പ്രത്യുത്തരമാക്കി സ്വന്തജീവിതം മുഴുവൻ സമർപ്പിച്ച പരിശുദ്ധ മറിയം ഈശോയെ അനുഗമിക്കുന്നതിൽ നമുക്കും തുണയായിരിക്കട്ടെ. ഭയപ്പെടാതെ ഈശോയെ അനുഗമിക്കാൻ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം. ❍



# ഓർമ്മത്താളുകളിൽ ഫ്രാൻസിസ് പാപ്പ

**ബ്ര. തോമസ് പോൾ കൊടിയൻ**



പന്ത്രണ്ടു വർഷം നീണ്ടു നിന്ന ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക സപര്യ, കത്തോലിക്കാസഭയിലെ 266-ാം മാർപാപ്പ എല്ലാവർക്കും വളരെ സംപ്രീതനായ ഒരു മാർപാപ്പയായി, ലാളിത്യത്തിലും കരുണയിലും സ്നേഹത്തിലും കവിഞ്ഞൊഴുകുന്ന ഒരു നീരുറവയായി സഭയെ പട്ടുത്തുയർത്താൻ സഹായിച്ചു. ഫ്രാൻസിസ് മാർപാപ്പയെക്കുറിച്ച് നമ്മൾ ഓർക്കുമ്പോൾ, ഓരോരുത്തർക്കും സ്നേഹത്തിന്റെയും കരുണയുടെയും അനവധി ഓർമ്മകൾ മനസ്സിൽ നിറയുന്നു. അതോടൊപ്പം തന്നെ ഇവിടെ ഈ ഓർമ്മത്താളിൽ കുറിക്കാൻ ആഗ്രഹിക്കുന്നത് ഫ്രാൻസിസ് മാർപാപ്പയിലൂടെ സഭാ മക്കളിലേക്ക് നൽകപ്പെട്ട വളരെ ആധികാരികമായ സഭാപ്രബോധനങ്ങളെ കുറിച്ചാണ്. മാർപാപ്പയുടെ ചാക്രികലേഖനങ്ങളും അപ്പസ്തോലിക പ്രബോധനങ്ങളും ആഴത്തിൽ മനസ്സിലാക്കുകയും ആ ജീവിത സന്ദേശങ്ങളാക്കുകയും ചെയ്യുന്നത് പ്രാധാന്യമേറിയതാണ്. പരിശുദ്ധാപിതാവിന്റെ പ്രബോധനങ്ങൾ ഓർമ്മിക്കുക എന്നതാണ് ഈ ലേഖനത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. എന്നെ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ള പ്രബോധനങ്ങളാണ്
Gaud ete et Exsultate, Chirstusvivit –ഇവയെല്ലാം പ്രത്യേകിച്ച് DilexitNos
നമ്മെ വിശ്വാസത്തിൽ വളർത്താനും വളരെയധികം സഹായിക്കുന്നതാണ്. ഇവയെല്ലാം എല്ലാ വിശ്വാസികളും വായിക്കേണ്ടതാണ്. അങ്ങനെ മാർപാപ്പ സഭയ്ക്ക് നൽകിയ പ്രബോധനങ്ങളെ വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതാണ്. ആ പ്രബോധനങ്ങൾ അനുസരിച്ച് സഭയെ പട്ടുത്തുയർത്താൻ ഓരോരുത്തരും പരിശ്രമിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. 4 ചാക്രിക ലേഖനങ്ങളും 7 അപ്പസ്തോലിക പ്രബോധനങ്ങളുമാണ് ഫ്രാൻസിസ് മാർപാപ്പയിലൂടെ സഭയ്ക്ക് ലഭിച്ച വലിയനിധി.

**ചാക്രിക ലേഖനങ്ങൾ**

1. Lumen Fidei : (The Light of Faith), June 29, 2013 2. Laudatosi : (Praise be to you – On Care For Our Common Home) – (May 24, 2015) 3. Fratellitutti : (All brothers – On Fraternity and Social Friendship)– (3 October 2020) 4. DilexiNos : (On the Human and Divine Love of the Heart of Jesus Chirst) October 24,2024

അപ്പസ്തോലിക പ്രബോധനങ്ങൾ

1. Evangelii Gaudium (The Joy of the Gospel) : Apostolic Exhortation on the Proclamation of the Gospel in Today's world, November 24,2013 2. Amorislaetitia : Post –Synodal Apostolic Exhortation on love in the family, March 19,2016 3. Gaudete et Exsultate (Rejoice and Be Glad): March 19,2018 4. Christus Vivit (Christ is Alive): March 25,2019 5. Querida Amazonia (Beloved Amazon) : February 2, 2020 6. Laudate Deum (Praise God): October 4, 2023 7. Cest la confiance (it is confidence): October 15,2023

**Lumen Fidei (The Light of Faith)**

ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യ ചാക്രികലേഖനമായ ലൂമെൻഫിദേയ് ("വിശ്വാസത്തിന്റെ വെളിച്ചം) മനുഷ്യ അസ്തിത്വത്തിന്റെ എല്ലാ വശങ്ങളെയും പ്രകാശിപ്പിക്കുന്ന ഒരു വഴി കാട്ടിയായി വിശ്വാസത്തെ പര്യവേഷണം ചെയ്യുന്നു, സാമൂഹിക പ്രവർത്തനത്തിനും ദൈവത്തോടുള്ള ഭക്തിക്കും പ്രചോദനം നൽകുന്നു. ആധുനിക ലോകത്ത് വിശ്വാസത്തിന്റെ പ്രാധാന്യത്തെ ഈ ചാക്രികലേഖനം എടുത്തുകാണിക്കുന്നു. വിശ്വാസപ്രമാണം, കൂദാശകൾ, പ്രാർത്ഥന, ധാർമ്മികത എന്നിവയുൾപ്പെടെ വിശ്വാസത്തിന്റെ അനിവാര്യതകളിലേക്കും ഇത് ആഴ്ന്നിറങ്ങുന്നു.

**Laudato Si (Praise be to You)**

'ലൗദാത്തോസി' പരിസ്ഥിതിയെക്കുറിച്ചുള്ള പ്രവർത്തനത്തിനും ചിന്തയ്ക്കുമുള്ള ഒരു ആഹ്വാനമാണ് പാരിസ്ഥിതിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യാനും മനുഷ്യസമൂഹത്തിന്റെയും ദൈവത്തിന്റെയും ലോകത്തിന്റെയും പ്രകൃതി, പരസ്പര ബന്ധിതത്വം തിരിച്ചറിഞ്ഞുകൊണ്ട് ഒരു "പാരിസ്ഥിതിക പരിവർത്തനം" സ്വീകരിക്കാനും ഇതു വ്യക്തികളെയും രാഷ്ട്രങ്ങളെയും പ്രേരിപ്പിക്കുന്നു.

**FratelliTutti (All brothers – On Fraternity and Social Friendship)**

"ഫ്രാത്തേലി തുത്തി " എന്ന ചാക്രികലേഖനം, കൂടുതൽ നീതിയുക്തവും സമാധാനപരവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിൽ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്നു. നിസ്സംഗതയിൽ നിന്ന് എല്ലാവർക്കുമായി സജീവമായ കരുതലിലേക്ക് മാറാനും, തുറന്ന സാഹോദര്യത്തിനും, അതിരുകളില്ലാത്ത സ്നേഹത്തിനും വേണ്ടി വാദിക്കാനും ഇത് ആഹ്വാനം ചെയ്യുന്നു.

**DilexitNos (He Loved us)**

ഡിലെക്സിറ്റ് നോസിൽ ("അവൻ നമ്മെ സ്നേഹിച്ചു") ലോകമെമ്പാടുമുള്ള കത്തോലിക്കാരോടു യേശുക്രിസ്തുവിന്റെ ഹൃദയത്തിൽ കാണപ്പെടുന്ന സ്നേഹവും അനുകമ്പയും വീണ്ടും കണ്ടെത്തണമെന്ന് ആഹ്വാനം ചെയ്യുന്നു. ഒക്ടോബർ 24–ന് പുറത്തിറങ്ങിയ ചാക്രിക ലേഖനം, വിഭജിക്കപ്പെട്ട ലോകത്തിന് ശാന്തി നൽകുന്ന ഒരു ഉറവിടമെന്ന നിലയിൽ യേശുവിന്റെ ഹൃദയത്തിന്റെ പരിവർത്തനാത്മകശക്തിയെ പരിശോധിക്കുന്നു.




**Evangelii Gaudium (The Joy of the Gospel)**

2013-ലെ അപ്പസ്തോലിക പ്രബോധനമായ "ഇവാഞ്ചേലി ഗൗഡിയം" സുവിശേഷവൽക്കരണത്തിനായുള്ള ഒരു ആഹ്വാനമാണ്. സുവിശേഷം പ്രചരിപ്പിക്കാനുള്ള സഭയുടെ ദൗത്യത്തെയും സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ പരിഹരിക്കുന്നതിൽ അതിന്റെ പ്രാധാന്യത്തെയും ഇത് ഊന്നിപ്പറയുന്നു. സുവിശേഷത്തിന്റെ സന്തോഷം ദരിദ്രർക്കുള്ള സഭയുടെ മുൻഗണനാ ഓപ്ഷൻ ദുർബലർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മുൻഗണന നൽകുന്ന ഒരു പുതിയ മാനസികാവസ്ഥയുടെ ആവശ്യകത എന്നിവ ഇത് എടുത്തുകാണിക്കുന്നു.

**"Amoris Laetittia" (The Joy of Love)**

"സ്നേഹത്തിന്റെ സന്തോഷം" എന്ന് വിവർത്തനം ചെയ്യപ്പെടുന്ന "അമോറിസ്ലെറ്റീഷ്യ" കുടുംബങ്ങളുടെ അജപാലന പരിപാലനത്തെ അഭിസംബോധന ചെയ്യുന്ന ഫ്രാൻസിസ് മാർപാപ്പയുടെ സിനോഡൽ പോസ്റ്റ്. സിനഡൽ അപ്പസ്തോലിക പ്രബോധനമാണ്. വിവാഹത്തിന്റെയും കുടുംബ ജീവിതത്തിന്റെയും സന്തോഷങ്ങൾ വെല്ലുവിളികൾ, സങ്കീർണ്ണതകൾ എന്നിവയിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു, പ്രത്യേകിച്ച് പ്രത്യേക ബുദ്ധിമുട്ടുകൾ നേരിടുന്ന കുടുംബങ്ങളെ അനുഗമിക്കാനും പിന്തുണയ്ക്കാനും പുരോഹിതന്മാരെയും സാധാരണക്കാരെയും പ്രോത്സാഹിപ്പിക്കുന്നു.

'

Gaudete et Exsultate' (Rejoice and Be Glad)

ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ (ആനന്ദിച്ച് ആഹ്ലാദിക്കുകയും ചെയ്യുക). കത്തോലിക്കരെ വിശുദ്ധിയിലേക്കുള്ള സാർവത്രിക ആഹ്വാനം സ്വീകരിക്കാൻ പ്രേത്സോഹിപ്പിക്കുന്നു അത് ഒരു ഉന്നതമായ ആദർശം മാത്രമല്ല. ദൈനംദിന ജീവിതത്തിൽ ജീവിച്ചിരിക്കുന്ന ഒരു യാഥാർത്ഥമാണെന്ന് പഠിപ്പിക്കുന്നു. കൃപയാൽ ആണ് നാം രക്ഷിക്കപ്പെടുന്നത് നമ്മുടെ പ്രവർത്തികളാലല്ല എന്ന് പരിശുദ്ധ പിതാവ് പ്രബോധനത്തിന്റെ 52-ം ഖണ്ഡികയിൽ ഊന്നി പറയുന്നു.

Chistus Vivit (Chirist is Alive)

ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ "ക്രിസ്തു വിവിറ്റ്" (ക്രിസ്തു ജീവിക്കുന്നു) യുവാക്കൾക്ക് അവരുടെ വിശ്വാസം സ്വീകരിക്കാനും പ്രത്യാശയും സ്നേഹവും സേവനവും നിറഞ്ഞ ഒരു ജീവിതം നയിക്കാനുമുള്ള ഒരു ആഹ്വാനമാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെയും ക്രിസ്തുവിന്റെ രക്ഷാശക്തിയുടെയും ജീവിതത്തിൽ അവൻ ജീവിച്ചിരിപ്പുണ്ടെന്നും സന്നിഹിതനാണെന്നും ഉള്ള സത്യത്തിന്റെയും പ്രാധാന്യം ഇത് എടുത്തുകാണിക്കുന്നു.




### "Querida Amazonia" (Beloved Amazon)

2020–ൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ സിനോഡൽ സിനഡാനന്തര അപ്പസ്തോലിക് പ്രബോധനമായ "ക്വെറിഡ ആമസോണിയ." പാൻ–ആമസോൺ മേഖലയെ അഭിസംബോധന ചെയ്യുന്നു. "ആമസോണിയൻ മുഖം "ഉള്ള ഒരു സഭയെ പ്രോത്സാഹിപ്പിക്കുന്നു. ആമസോണിയൻ സംസ്കാരങ്ങളുമായുള്ള സംഭാഷണത്തിന്റെ ആവശ്യകതയെ ഇത് ഊന്നിപ്പറയുന്നു,

### "Laudate Deum" (Praise God)

ലൗ ദാത്തെ ദേവൂം (ദൈവത്തിന് സ്തുതി) കാലാവസ്ഥാ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്ന ഒരു അപ്പസ്തോലിക പ്രബോധനമാണ്, അദ്ദേഹത്തിന്റെ മുൻ ചാക്രിക ലേഖനമായ ലൗദാത്തോസിയുടെ തുടർച്ചയായാണിത്. സാഹചര്യത്തിന്റെ അടിയന്തിരത കാലാവസ്ഥാ വ്യതിയാനത്തിന്റെ മനുഷ്യൻ മൂലമുണ്ടാകുന്ന സ്വഭാവം, അതിനെ ചെറുക്കുന്നതിനു വ്യക്തിപരവും സാംസ്കാരികവുമായ മാറ്റങ്ങളുടെ ആവശ്യകത എന്നിവ ഈ ലേഖനം ഊന്നിപ്പറയുന്നു.

### "C' est la Confiance" (It is confidence)

അപ്പസ്തോലിക പ്രബോധനമായ Gaudete et Exsultate അല്ലെങ്കിൽ It is confidence ലിസ്യൂവിലെ വിശുദ്ധ തെരേസിനും (St. Therese of Lisieux) അവളുടെ വിശുദ്ധിയുടെ "ചെറിയവഴി"ക്കും സമർപ്പിച്ചിരിക്കുന്നു. വിശുദ്ധ തെരേസിൻറെ ജീവിതത്തിലും പഠിപ്പിക്കലുകളിലും കേന്ദ്രമായ ദൈവത്തിന്റെ കരുണാമയമായ സ്നേഹത്തിലുള്ള പൂർണ്ണവിശ്വാസത്തിന്റെ പ്രാധാന്യത്തെ ഇത് ഊന്നിപ്പറയുന്നു. ❍

ക്രിസ്തു ജീവിക്കുന്നു എന്ന പരമ്പര അടുത്ത ലക്കത്തിൽ തുടരും.
ചീഫ് എഡിറ്റർ.



തിരുഹൃദയത്തിന്റെയും
വി. അന്തോണീസിന്റെയും

# തിരുനാൾ

## മഹാമഹം

തൃശൂർ തിരുഹൃദയ റോമൻ കാത്തലിക് ലത്തീൻ പള്ളിയിൽ
(വി. അന്തോണീസിന്റെ ഷ്രൈൻ)

**2025 ജൂൺ 10 ചൊവ്വാഴ്ച**



KCBC NEWS

# നിഖ്യാസൂനഹദോസിന്റെ 1700 -മത് വാർഷികം കേരളസഭ ആചരിക്കുന്നു



കൊച്ചി : 2025–ലെ മഹാ ജൂബിലിയാചരണവും കേരളസഭ പ്രഖ്യാപിച്ച സഭാ നവീകരണവും നിഖ്യാസൂനഹദോസിന്റെ 1700–മത്തെ വാർഷികവും സംയുക്തമായി സംഘടിപ്പിക്കാൻ പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം തീരുമാനിച്ചു. മറ്റ് തീരുമാനങ്ങൾ: ❖ 1. വർധിച്ചുവരുന്ന നിരീശ്വരവാദ–യുക്തിവാദ ആഭിമുഖ്യങ്ങളെക്കുറിച്ച് പഠനം നടത്തി, ഈ പ്രവണതകൾക്കെതിരെ വിശ്വാസികൾക്ക് ബോധവത്ക്കരണം നടത്തും. ❖ 2. വടക്കേന്ത്യയിലും മറ്റും അരങ്ങേറുന്ന മിഷണറിമാർക്കെതിരെയുള്ള ആക്രമണങ്ങളിൽ നടപടിയെടുക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടും. ❖ 3. വയനാട് –മിലങ്ങാട് ദുരന്തബാധിതർക്ക് കെസിബിസി നിർമ്മിച്ചു നൽകുന്ന 100 ഭവനങ്ങൾ 2025 ഡിസബറിൽ അർഹതപ്പെട്ടവർക്ക് കൈമാറും. ❖ 4. വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരങ്ങൾ ന്യൂനപക്ഷാവകാശങ്ങളെ സംരക്ഷിച്ചുകൊണ്ടാകണമെന്ന് ഭിന്നശേഷി നിയമനത്തിലെ സങ്കീർണ്ണതകൾ പരിഹരിക്കമെന്നും സർക്കാരിനോട് ആവശ്യപ്പെടും. ❖ 5. ജൂൺ 26–ലെ ആഗോള ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് എല്ലാ ക്രൈസ്തവ വിദ്യാലയങ്ങളിലെ ബോധവത്ക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിക്കും. ❖ 6. മുനമ്പം നിവാസികളുടെ റവന്യൂ അവകാശങ്ങൾ ശാശ്വതമായി പുനഃസ്ഥാപിക്കാൻ സർക്കാർ സന്നദ്ധരാകണം. ❖ 7. അസംഘടിത തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ❖ 8. തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണം. 9.വന്യമൃഗ ശല്യം തടയുന്നതിലുള്ള വനംവകുപ്പിന്റെ നിഷ്ക്രിയവും ജനവിരുദ്ധവുമായ നടപടികൾ പിൻവലിച്ച് ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കണം. ❖ 10. കർഷകരുടെ വിവധങ്ങളായ പ്രശ്നങ്ങൾക്ക് ത്വരിത പരിഹാരം കാണണം. ❖ 11. ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ സ്വീകരിക്കണം. സമ്മേളനം കെ.സി.ബി.സി. പ്രസിഡണ്ട് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. 32 രൂപതകളിലെ മെത്രാന്മാർ പങ്കെടുത്തു. ❍





# മലബാറിലെ സഹോദരസഭകൾക്ക് വാത്സല്യത്തൊട്ടിലൊരുക്കിയ പ്രേഷിതപൈതൃകവുമായി കോഴിക്കോട് അതിരൂപത

**വെരി. റവ. മോൺ. ജെൻസൺ പുത്തൻവീട്ടിൽ,**
**വികാരി ജനറൽ**



102 വർഷങ്ങളുടെ വിശ്വാസ പാരമ്പര്യവുമായി മുന്നേറുന്ന കോഴിക്കോട് രൂപതയുടെ ചരിത്രത്തിൽ ദൈവം എഴുതി ചേർത്ത മറ്റൊരു വിശുദ്ധമായ അധ്യായമാണ്. മലബാറിന്റെ മാതൃരൂപതയായ കോഴിക്കോട് രൂപതയെ ഫ്രാൻസിസ് പാപ്പ അതിരൂപതയായി ഉയർത്തുകയും, ബിഷപ്പ് വർഗീസ് ചക്കാലക്കലിനെ പ്രഥമ ആർച്ച് ബിഷപ്പായി നിയമിക്കുകയും ചെയ്തു. ഗുരുതര ശ്വാസകോശ രോഗത്തിന് ചികിത്സയിൽ കഴിഞ്ഞിരുന്ന പാപ്പയുടെ അവസാന കാലങ്ങളിൽ ഒപ്പുവെച്ച നിയമന ഉത്തരവുകളിൽ ഒന്നായതിന്റെ അപൂർവതയും ഈ പ്രഖ്യാപനത്തിനുണ്ട് . വിശുദ്ധ ഫ്രാൻസിസ് സേവ്യർ പകർന്നു തന്ന വിശ്വാസ തീക്ഷ്ണതയിൽ പടർന്നുപന്തലിച്ച് കോഴിക്കോട് രൂപത അതിരൂപതയായി ഉയർത്തപ്പെടുമ്പോൾ, മലബാറിനും ആഗോള കത്തോലിക്കാ സഭയ്ക്കുമാകെ അഭിമാനിക്കാവുന്ന നേട്ടമാണത് . രൂപതയുടെ ശതാബ്ദിയോടൊപ്പം, തന്റെ മെത്രാഭിഷേക രജതജൂബിലിയും ആഘോഷിച്ച ബിഷപ്പ് വർഗീസ് ചക്കാലക്കൽ, മലബാറിലെ ആദ്യത്തെ റോമൻ കത്തോലിക്ക മെത്രാപ്പോലീത്ത പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. അഭിവന്ദ്യ വർഗീസ് പിതാവിനും കോഴിക്കോട് രൂപതയ്ക്കും ഇത് ദൈവം നൽകിയ സമ്മാനമാണ്. ജാതിമതഭേദമെന്യേയും കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെ വേരോട്ടം നടത്തിയ പിതാവിന് തന്റെ അജപാലന ശുശ്രൂഷയിലെ മറ്റൊരു പൊൻതൂവലാണ് ഇത്. കണ്ണൂർ രൂപതയുടെ പ്രഥമ മെത്രാൻ എന്ന പദവിയും അദ്ദേഹത്തിന് സ്വന്തമാണ്. മലബാറിന്റെ മാതൃ രൂപതയായ കോഴിക്കോട് രൂപതയുടെ ചരിത്ര പ്രാധാന്യവും വിശ്വാസ പാരമ്പര്യങ്ങളും അജപാലന ശുശ്രൂഷകളും വിലയിരുത്തി മെത്രാൻ മാരുടെയും ഭരണാധികാരികളുടെയും പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് കോഴിക്കോട് അതിരൂപതയായി ഉയർത്തപ്പെട്ടത്.



**ചരിത്രപശ്ചാത്തലവും**
**ഉയർച്ചയിലേക്കുള്ള യാത്രയും**

കേരളത്തിലെ റോമൻ കത്തോലിക്കാ സഭയിലെ മൂന്നാമത്തെ അതിരൂപതയാണ് കോഴിക്കോട്. വരാപ്പുഴ, തിരുവനന്തപുരം അതിരൂപതകളാണ് മറ്റു രണ്ടെണ്ണം. ഇനി മുതൽ വരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്ന കണ്ണൂർ, സുൽത്താൻപേട്ട് രൂപതകൾ കോഴിക്കോട് അതിരൂപതയുടെ പരിധിയിലായിരിക്കും.

1923 ജൂൺ 12–നാണ് കോഴിക്കോട് രൂപത ഔദ്യോഗികമായി നിലവിൽ വന്നത്. അതിനുമുമ്പ് മംഗലാപുരം, കോയമ്പത്തൂർ, പോണ്ടിച്ചേരി, മൈസൂർ രൂപതകളുടെ കീഴിലായിരുന്നു. 1498–ൽ വാസ്കോ ഡ ഗാമ കാപ്പാട് തീരത്ത് എത്തുന്നതോടെയാണ് മലബാറിൽ ക്രൈസ്തവവിശ്വാസത്തിന്റെ കിരണം തെളിയുന്നത്. ട്രിനിറ്റേറിയൻ പ്രേഷിതനായ പേദ്രോ കോവിൽഹാം, പിന്നീട് വിശുദ്ധ ഫ്രാൻസിസ് സേവ്യർ തുടങ്ങിയ മിഷനറിമാരുടെ സുവിശേഷ പ്രവർത്തനങ്ങളാണ് വിശ്വാസം ഇവിടെ വ്യാപിപ്പിച്ചത്. 1549–ൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിത ചൈതന്യം മലബാറിൽ സുവിശേഷവത്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തെളിമ നൽകി. 1878–ൽ മലബാർ അപ്പോസ്തോലിക വികാരിയേറ്റിൽ നിന്നും മംഗലാപുരം, കണ്ണൂർ, കോഴിക്കോട് മേഖലകളെ വേർപെടുത്തി ഒൻപതാം പിയൂസ് പാപ്പ ഇറ്റലിയിലെ വെനീസിലുള്ള ഈശോസഭാംഗങ്ങൾക്ക് കൈമാറി. 1923–ൽ കോഴിക്കോട് രൂപത സ്ഥാപിക്കാനുള്ള അപേക്ഷ റോമിലേക്ക് നൽകിയതും പിന്നീട് അതിന് അംഗീകാരം ലഭിച്ചതും ഡോ. പോൾ പെരീനി എസ്ജെയുടെ നേതൃത്വത്തിലായിരുന്നു. ആദ്യ ബിഷപ്പായും അദ്ദേഹം തന്നെ നിയമിതനായി. രൂപതയുടെ സമഗ്ര വികസനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ വളരെ വിലമതിക്ക


BISHOP PAUL PERINI,S.J.
[1923-1932]


BISHOP LEO PROSERPIO,S.J.
[1938-1940]


BISHOP ALDO MARIA PATRONI,S.J.
[1948-1980]


BISHOP MAXWELL VALENTINE NORONHA
[1980--2002]


BISHOP JOSEPH KALATHIPARAMBIL
[2002-2011]

പ്പെടുന്നു. മംഗലാപുരത്തിൽ നിന്നുള്ള സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയെ ക്ഷണിച്ച് സെന്റ് വിൻസെന്റ് ഹോം സ്ഥാപിച്ചതും, രൂപതയെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ച പല പ്രസ്ഥാനങ്ങളും അതിന് ഉദാഹരണമാണ്. 1926 മുതൽ തിരുവിതാംകൂറിൽ നിന്ന് കുടിയേറിയ സുറിയാനി കത്തോലിക്കർക്ക് ആവശ്യമായ എല്ലാ സൌകര്യങ്ങളും കോഴിക്കോട് രൂപത ഒരുക്കുകയും ചെയ്തിരുന്നു.

1954 ൽ തലശ്ശേരി രൂപത സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് ആ പ്രദേശങ്ങളിലെ ദേവാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴിക്കോട് രൂപത വിട്ടുകൊടുത്തു. ഇപ്പോൾ തലശ്ശേരി രൂപത അതിരൂപതയാണ്. 1998ൽ കോഴിക്കോട് രൂപതയെ വിഭജിച്ച് കണ്ണൂർ രൂപത സ്ഥാപിക്കപ്പെട്ടു. 2013ൽ സുൽത്താൻ പേട്ട് രൂപത സ്ഥാപിച്ചപ്പോൾ കോഴിക്കോട് രൂപതയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുകയുണ്ടായി. ഇപ്രകാരമാണ് കോഴിക്കോട് രൂപതയുടെ ഭൗതികവും ആത്മീക വുമായ വളർച്ചയുടെ യാത്ര.

**കോഴിക്കോട് രൂപതയെ**
**നയിച്ച മെത്രാന്മാർ:**

❖ ഡോ. പോൾ പഫൈരീനി 5.4. (ആദ്യ ബിഷപ്പ്) ❖ മോൺസിഞ്ഞോർ ബഞ്ചമിൻ എം. റെംസാനി S.J. (1932–1938) ❖ ബിഷപ്പ് ലിയോ പ്രോസെർപിയോ S.J. (1938–1945) ❖ മോൺസിഞ്ഞോർ പാ(ങ്ങാതിയുസ് സനോളിൻ S.J. (1945–1948) ❖ ബിഷപ്പ് ആൽദോ മരിയ പത്രോണി S.J. (1948–1980) ❖ ബിഷപ്പ് മാക്സ്വെൽ



നെറോണ (1980–2002) ❖ ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ (2002–2011) അഡ്മിനിസ്ട്രേറ്റർ മോൺ. വിൻസെന്റ് അറയ്ക്കൽ (2011–2012) ❖ ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ (2012 മുതൽ) ❖ 2025 ഏപ്രിൽ 12–ന് ഫ്രാൻസിസ് പാപ്പയുടെ ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ രൂപതഅതിരൂപതയായി ഉയർന്നു. അതിരൂപതയുടെ നിലവാരവും പ്രഥമ ആർച്ച് ബിഷപ്പിന്റെ നിയമനവും സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് സീറോ മലബാർ സഭയുടെ തലശ്ശേരി ആർച്ച് ബിഷപ്പും എറണാകുളം–അങ്കമാലി ആർക്കിഎപ്പിസ്കോപ്പൽ വികാരിയുമായ മാർ ജോസഫ് പാംപ്ലാനിയാണ് വായിച്ചത്. ❍

## തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് പള്ളി

## ഗോൾഡൻ ജൂബിലി നിറവിൽ



1975–ൽ ഒല്ലൂർ ഫൊറോനപ്പള്ളിയുടെ കീഴിൽ സ്ഥാപിതമായ തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ചർച്ച്, 2025–ൽ സുവർണ്ണജൂബിലി ആഘോഷിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ നാമധേയത്തിൽ തൃശ്ശൂർ അതിരൂപതയിലും തൃശ്ശൂർ ജില്ലയിലുമുള്ള ഏകദേവാലയമാണ് സെന്റ് പോൾസ് ചർച്ച്, തൈക്കാട്ടുശ്ശേരി. തിരുന്നാൾ ഇക്കൊല്ലം ജൂൺ 29 ഞായറാഴ്ച ഊട്ടുനേർച്ചയോടുകൂടി വിപുലമായി ആഘോഷിക്കുന്നു. സുവർണ്ണജൂബിലിവർഷത്തിൽ നടപ്പാക്കുന്ന ചില പദ്ധതികൾ : ❄ വീടുകൾ നിർമ്മിച്ചുനല്കുന്നു ❄ അർദ്ധാദിന ചരിത്രസെമിനാർ ❄ നേത്രചികിത്സ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു ❄ സമർപ്പിതസംഗമം ❄ ഫൊറോന തലത്തിൽ നാമധാരിസംഗമം ❄ യുവാക്കളുടെ വിവരശേഖരണം ❄ കരിയർ ഗൈഡൻസ് സെമിനാർ ❄

ഫാ.ജോസ് പുന്നോലിപ്പറമ്പിൽ (വികാരി)

# മലബാർ ജനത പറയുന്നു: ഞങ്ങൾക്ക് തൊട്ടറിയാം ഈ ഇടയനെ






**ഫാ .സൈമൺ പീറ്റർ**
**ഡയറക്ടർ, പാക്സ് കമ്മ്യൂണിക്കേഷൻസ്**

കോഴിക്കോട് അതിരൂപതയുടെ ആദ്യ മെത്രാപ്പോലീത്തയായി അഭിവന്ദ്യ വർഗ്ഗീസ്ചക്കാലക്കൽ പിതാവിനെ കാലം ചെയ്ത ഫ്രാൻസിസ് പാപ്പ 2025 ഏപ്രിൽ 12-ന് ഉയർത്തി. മെത്രാഭിഷേകത്തിന്റെ 26 സംവത്സരങ്ങൾ പൂർത്തിയാക്കിയ അഭിവന്ദ്യ പിതാവിനും 102 വർഷങ്ങൾ പൂർത്തിയാക്കിയ കോഴിക്കോട് രൂപതയ്ക്കും ദൈവം നൽകിയ ദാനമാണ് രണ്ട് പദവികളും.

കോഴിക്കോട് രൂപതയ്ക്ക് വേണ്ടി ഒരു വൈദികൻ ആകണം എന്നുള്ള തീവ്രമായ ആഗ്രഹത്തോട് കൂടി വൈദിക പരിശീലനം ആരംഭിച്ചു. മംഗലാപുരത്ത് നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1981 ഏപ്രിൽ രണ്ടാം തീയതി കോഴിക്കോട് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാക്സ്വെൽ നെറോണ പിതാവിൽ നിന്ന് പൗരോഹിത്യപട്ടം സ്വീകരിച്ചു. പള്ളിക്കുന്ന്, പാക്കം, ചാലിൽ, വെസ്റ്റ് ഹിൽ, ഏഴിമല, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്തു.

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് 1986-ൽ ദൈവശാസ്ത്രത്തിൽ ഉന്നത ബിരുദവും, മൈസൂർ സർവകലാശാലയിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ എം. എ. ബിരുദവും നേടിയതിനു ശേഷം അദ്ദേഹം 1987 മുതൽ 91 വരെ റോമിലെ ഉർബൻ സർവകലാശാലയിൽ സഭാ നിയമം പഠിച്ച് ഡോക്ടറേറ്റ് നേടി. 1992 മുതൽ മംഗലാപുരം സെന്റ് ജോസഫ് മേജർ സെമിനാരിയിൽ പ്രൊഫസറായും ഡീൻ ഓഫ് സ്റ്റഡീസ് ആയും സേവനം ചെയ്തു കൊണ്ടിരുന്നപ്പോൾ ജോൺപോൾ രണ്ടാമൻ പാപ്പ കണ്ണൂർ രൂപതയുടെ പ്രഥമ മെത്രാനായി വർഗ്ഗീസ് ചക്കാലക്കൽ പിതാവിനെ ഉയർത്തി. 1999 ഫെബ്രുവരി 7-ന് കേരളത്തിലെ പതിനൊന്നാമത്തെ ലത്തീൻ രൂപ



തയായി കണ്ണൂർ രൂപതയ്ക്ക് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ ജന്മം നൽകിയപ്പോൾ അന്ന് പത്രങ്ങളിൽ വന്ന തലക്കെട്ട് 'മാളയുടെ മാണിക്യം കണ്ണൂരിന് സ്വന്തം' എന്നായിരുന്നു. അന്നു മുതൽ ഇന്നുവരെ കണ്ണൂരിന്റെ മാത്രമല്ല കേരളസഭയുടെ തന്നെ മാണിക്യമായി വളർന്നു അഭിവന്ദ്യ വർഗ്ഗീസ് പിതാവ്. മികച്ച വചന പ്രഘോഷകൻ, അജപാലന ശുശ്രൂഷയിൽ അതീവ തല്പരൻ , പ്രസിദ്ധ ദൈവശാസ്ത്രജ്ഞൻ, മികച്ച വാഗ്മി, സഭാനിയമ വിദഗ്ധൻ, ദൈവജനത്തിന്റെ സ്വന്തം പിതാവ് എന്നിങ്ങനെ നീളുന്നു അദ്ദേഹത്തെ കുറിച്ചുള്ള വർണ്ണനകൾ. ആത്മാർത്ഥമായ തന്റെ സേവനങ്ങളെ ദർശിച്ചുകൊണ്ട് പിതാവായ ദൈവം അദ്ദേഹത്തെ പല പദവികളിലേക്കും ഉയർത്തുകയുണ്ടായി. KRLCC & KRLBC പ്രസിഡൻറ്, CCBI ജനറൽ സെക്രട്ടറി, കെസിബിസി വൈസ് പ്രസിഡന്റ്, ദൈവവിളി, സെമിനാരികൾ, വൈദികർ,സന്യസ്തർ എന്നിവയ്ക്കായുള്ള CCBI കമ്മീഷൻ അധ്യക്ഷൻ, ആലുവ കർമ്മലഗിരി സെമിനാരിഅധ്യക്ഷൻ മംഗലാപുരം മേജർ സെമിനാരി ബോർഡ് മെമ്പർ, KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ ,തിയോളജി കമ്മീഷൻ ചെയർമാൻ etc. കഴിഞ്ഞ 25 വർഷങ്ങൾ ഈശോയുടെ തിരുഹൃദയത്തോടു ചേർന്ന് നിന്ന് പൗരോഹിത്യത്തിലും മെത്രാഭിഷേകത്തിലും വിളങ്ങികൊണ്ട് ദൈവജനത്തെ വിശുദ്ധിയിലും സ്നേഹത്തിലും കൂട്ടായ്മയിലും വളർത്തി മുന്നേറുകയാണ്. സഭയുടെ കാനോനിക നിയമമനുസരിച്ച് അതിരൂപത മെത്രാപ്പോലീത്തയുടെ പ്രധാനലക്ഷ്യം പ്രവിശ്യയിലെ എല്ലാ സഫ്രഗൻ രൂപതകളെയും അജപാലന ശുശ്രൂഷകളിലും വിശ്വാസ സംരക്ഷണത്തിലും സഹായിക്കുക എന്നുള്ളതാണ്. റോമൻ കത്തോലിക്ക അർത്ഥത്തിൽ ഒരു അതിരൂപത എന്നത് , ഒരു സഭാ പ്രവിശ്യയുടെ പ്രധാന രൂപതയാണ്. വ്യക്തികളുടെയും സ്ഥലങ്ങളുടെയും സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ അയൽ രൂപതകളുടെ പൊതുവായ അജപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും രൂപത മെത്രാന്മാരുടെ പരസ്പര ബന്ധം കൂടുതൽ ഉചിതമായി വളർത്തിയെടുക്കുന്നതും, മെത്രാപ്പോലീത്തയുടെ ശുശ്രൂഷകളായിരിക്കും (Can.431 §1 ) തന്റെ രൂപതയുടെ ആർച്ച് ബിഷപ്പായ ഒരു മെത്രാപ്പോലിത്ത, ഒരു സഭാ പ്രവിശ്യയുടെ അധ്യക്ഷൻ ആണ്. വിശ്വാസവും സഭാരച്ചടക്കവും ശ്രദ്ധാപൂർവ്വം പാലിക്കപ്പെടുന്നതിന് ജാഗ്രത പാലിക്കുക, ദുരുപയോഗങ്ങൾ ഉണ്ടെങ്കിൽ റോമൻ പോപ്പിനെ അറിയിക്കുക എന്നിവയും മെത്രാപ്പോലീത്തയുടെ ചില ദൗത്യങ്ങളാണ്. ❍

# KCBC MEDIA MISSION 2025

**MEDIA DIRECTORS MEETING & MEDIA SEMINAR**

















ജോൺ പോൾ അനുസ്മരണ സമ്മേളനം പ്രഫ. എം.കെ. സാനു മാസ്റ്റർ ഉദ്ഘാടനം ചെയ്തപ്പോൾ.

# പി.ഒ.സി. ബൈബിളിന്റെ പരിഷ്കരിച്ച പതിപ്പ് പ്രകാശനം ചെയ്തു

കൊച്ചി: പരിഷ്കരിച്ച പി.ഒ.സി. ബൈബിൾ പ്രകാശനം ചെയ്തു. കെസിബിസി പ്രസിഡണ്ട് കർദ്ദിനാൾ ബബേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ പ്രൊഫ എം.കെ. സാനുവിന് നൽകിക്കൊണ്ടായിരുന്നു പ്രകാശനം. കെ.സി.ബി.സി. വൈസ് പ്രസിഡണ്ട് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ബിഷപ്പ് റൈറ്റ് റവ.ഡോ.അലക്സ് വടക്കുംതല എന്നിവർ സന്നിഹിതരായിരുന്നു. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് റൈറ്റ് റവ.ഡോ. ജെയിംസ് ആനാപറമ്പിൽ, പുതിയ ബൈബിൾ പോഡ്കാസ്റ്റിലൂടെ അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന ധ്യാന ഗുരു ഫാ.ഡാനിയേൽ പൂവണ്ണത്തിൽ, പി.ഒ.സി. ഡയറക്ടർ ഫാ. തോമസ് തറയിൽ, ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ.ഡോ. ജോജു കോക്കാട്ട്, മുൻ സെക്രട്ടറിമാരായ ഫാ.ഡോ. ജോൺസൺ പുതുശ്ശേരി ഫാ.ഡോ. ജോഷി മയ്യാറ്റിൽ എന്നിവർ പ്രസംഗിച്ചു. പരിഭാഷയുടെ കൃത്യതയ്ക്കും ഭാഷാ സംശോധനയ്ക്കുമായി 16 വർഷങ്ങളെടുത്താണ് പരിഷ്കരിച്ച ബൈബിൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.





# ജലം കൊണ്ട് മുറിവേൽക്കാതിരിക്കാൻ...

**ആന്റണി ചടയംമുറി**

**വാർത്ത**

വീണ്ടും ഒരു പ്രളയത്തിന്റെ കാലൊച്ച മുഴങ്ങുന്നുവോ. കേരളമാകെ പ്രളയഭീഷണിയിൽ വിറച്ചുനിൽക്കുന്നു. ഒപ്പം കോവിഡ് എന്ന മഹാമാരിയും പതുങ്ങിപ്പതുങ്ങിയെത്തുന്നതിന്റെ വാർത്തകളുണ്ട്. 2018–ലെ പ്രളയമോ 2021–ലെ കോവിഡ് ദുരന്തമോ നമ്മുടെ ഭരണകർത്താക്കളെ എന്തെങ്കിലും പഠിപ്പിച്ചുവോ? ഇല്ല എന്നാണ് ഉത്തരം. കേരളാ ഹൈക്കോടതി 2018–ലെ പ്രളയം മനുഷ്യനിർമ്മിതമാണെന്ന് കണ്ടെത്തുകയുണ്ടായി. ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി ഭരണകർത്താക്കൾക്ക് പറ്റിയ വീഴ്ചകളും പാളിച്ചകളും അക്കമിട്ട് നിരത്തിയിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം കേരളത്തിലെ 79 ജലസംഭരണികൾക്കായി ഒരു റിസർവോയർ ഓപ്പറേഷൻ പോളിസി രൂപപ്പെടുത്തണമെന്നതായിരുന്നു. നമ്മുടെ നദികളുടെ വാർഷിക ജല ശേഷി 70 ബില്യൺ ക്യൂബിക് മീറ്ററാണ്. ഇതിൽ 43 ബില്യൺ ക്യൂബിക് മീറ്റർ ജലം മാത്രമേ വിനിയോഗിക്കുന്നുള്ളൂ. ഭൂഗർഭജല വിനിയോഗത്തിന്റെ കണക്ക് ഇങ്ങനെ 5.53 ബില്യൺ ക്യൂബിക് മീറ്ററാണ് ആകെയുള്ളത്. ഇതിൽ 1.12% മാത്രമാണ് ജലസേചനത്തിനായി ഉപയോഗിക്കുന്നത്. ഇനി കിണറുകളുടെ കാര്യം: 66 ലക്ഷം കിണറുകളുണ്ട്. ഇതിൽ 45 ലക്ഷം പ്രവർത്തനക്ഷമമാണെങ്കിലും 85% കിണർ ജലവും ബാക്ടീരിയ കലർന്നതാണ്. മഴക്കാലമെത്തുമ്പോൾ, ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാനും ജാഗ്രത പുലർത്തേണ്ടതുണ്ട്. കാരണം മലയോര, തീരദേശ ജനങ്ങളിൽ 30 ലക്ഷം പേർക്ക് ഇന്നും ശുദ്ധജലം കിട്ടാക്കനിയാണ്!

**ചിന്ത**

ശുദ്ധമായ കുടിവെള്ളം ഏറ്റവും പ്രാധാന്യമുള്ള വിഷയമാണ്. കാരണം മനുഷ്യജീവന്റെ നിലനിൽപ്പിനും ഭൗമികമായ ആവാസവ്യവസ്ഥ പിന്താങ്ങുന്നതിനും അത് അനുപേക്ഷണീയമാണ്.

**ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി– നമ്പർ 28)**



# സെന്റ് പോൾസ് ചർച്ച്

## ഒല്ലൂർ, തൈക്കാട്ടുശ്ശേരി



## സുവർണ്ണ ജൂബിലി വർഷം–2025

### ജൂബിലി പ്രമാണിച്ച് തൃശൂർ അതിരൂപത കലാസദനുമായി സഹകരിച്ചു നടത്തുന്ന

# അഖില കേരള നാടകരചനാമത്സരം



**ഒന്നാം സമ്മാനം : 11111 രൂപ**

**രണ്ടാം സമ്മാനം : 7777 രൂപ**

- സമ്മാനത്തിന് അർഹരാകുന്നവർക്ക് സർട്ടിഫിക്കറ്റും മെന്റോയും നൽകുന്നതാണ്.
- കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.
- 45–50 മിനിറ്റിൽ അവതരിപ്പിക്കാവുന്ന രചനകൾ പ്രായഭേദമെന്യേ ആർക്കും അയക്കാവുന്നതാണ്.
- ബൈബിളിലും പാരമ്പര്യത്തിലുമുള്ള സെന്റ് പോളിന്റെ യഥാർത്ഥ ജീവിതം പ്രതിഫലിക്കുന്നതാകണം നാടകം.
- രചനകൾ ജൂലൈ 15 ന് മുമ്പ് "ബേബി മൂക്കൻ, കൺവീനർ, കലാസദൻ, തൃശൂർ – 680005" എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, വികാരി,
സെ. പോൾസ് ചർച്ച്, തൈക്കാട്ടുശ്ശേരി, ഒല്ലൂർ ഫോൺ : 9526914455
എന്ന നമ്പറിൽ ബന്ധപ്പെടുക

VATHICAN THARANGAM
RN 55178/94
Total Pages 24 Date of Publication 31-05-2025

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.